**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 639** **17-09-2025 - ൽ മറുപടിയ്ക്ക്**

**ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | 1. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 1,767 സംരംഭങ്ങൾ ആരംഭിച്ചു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളായ പ്രധാനമന്ത്രി തൊഴിൽ ദായക പദ്ധതി, പ്രധാനമന്ത്രി മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് പദ്ധതി, സംരംഭക സഹായ പദ്ധതി, മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ്സ് പദ്ധതി, ഒരു കുടുംബം ഒരു സംരംഭം പദ്ധതി തുടങ്ങിയവയിലൂടെ സംരംഭകർക്ക് സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കി.<br><br>2. എല്ലാ പഞ്ചായത്തുകളിലും സംരംഭക ഹെൽപ് ഡെസ്കുകൾ ആരംഭിച്ചു.<br><br>3. മൂന്നാറിൽ വെച്ച് രണ്ട് വ്യവസായ പ്രദർശന വിപണന മേളകൾ നടത്തി.<br><br>4.ദേവികുളം മണ്ഡലത്തിലെ 12 പഞ്ചായത്തുകളിലായി 36 ജനറൽ ഓറിയന്റേഷൻ പ്രോഗ്രാമുകൾ, 36 ലോൺ മേളകൾ/സംരംഭക സഭകൾ എന്നിവ സംഘടിപ്പിച്ചു.<br><br>5. എം.എസ്.എം.ഇ ക്ലിനിക്ക്, ബാങ്കേഴ്സ് മീറ്റ് എന്നിവ സംഘടിപ്പിച്ചു.<br><br>6.കാന്തല്ലൂർ ഫെസ്റ്റിനോട് അനുബന്ധിച്ച് വിപണനമേള സംഘടിപ്പിച്ചു.<br><br>7.നാല് സംരംഭകത്വ വികസന പരിശീലന പരിപാടികളും നാല് നിക്ഷേപക സംഗമങ്ങളും സംഘടിപ്പിച്ചു. |

സെക്ഷൻ ഓഫീസർ